नारायणाश्रम

**നാരായണാശ്രമ തപോവനം**

**ആത്മസ്ഫുരണങ്ങൾ**

**സ്വാമി ഭൂമാനന്ദതീർഥ**



---

# രാമന്റെ സത്യസന്ധത കൃഷ്ണന്റെ ഭക്തവാത്സല്യം

*Volume 94, 07 September 2014*

താൻ വില്ലുമുറിച്ചു വീര്യശുല്ക്കയായി വിവാഹം കഴിച്ച സീതയിൽ, 11 മാസം രാവണന്റെ ലങ്കയിൽ രാക്ഷസികൾക്കിടയിൽ കഴിച്ചുകൂട്ടിയതിന്റെ പേരിലാണ് സംശയം തോന്നി രാമൻ അഗ്നിപ്രവേശം ചെയ്യിച്ചത്.

നരകാസുരൻ തട്ടിക്കൊണ്ടുപോയി കാരാഗൃഹത്തിലിട്ടത് 16000 രാജകന്യകളെയാണ്. അവരെ മോചിപ്പിച്ചു കൃഷ്ണൻ. സ്വതന്ത്രകളായ അവർ ഏകകണ്ഠമായി കൃഷ്ണനെ വരിച്ചു. ഒരക്ഷരം പറയാതെ എല്ലാവരേയും സ്വീകരിച്ചു ദ്വാരകയിലേയ്ക്കയച്ച്, മുറപ്രകാരം വിവാഹം കഴിച്ചതോ 16000 കൃഷ്ണന്മാരും!

സീതയ്ക്ക് അഗ്നിപ്രവേശം ചെയ്യേണ്ടിവന്നതും, ഇവർക്ക് അതു കൂടാതെ കഴിഞ്ഞതും എന്തുകൊണ്ടെന്ന് ആലോചിയ്ക്കാൻ ത്രേതാദ്വാപരങ്ങൾ ആഹ്വാനംചെയ്യുന്നു. ധർമഗതി കാലത്തിനൊത്തു മാറാമെന്നതു ശരിതന്നെ. അതിലുപരി ഗ്രഹിയ്ക്കേണ്ടതു മനുഷ്യമനസ്സിന്റെ വിശ്വാസവിവേകത്തിന്റെ ആധാരശിലകളെയാണ്. സീത രാമപത്നിയായിരുന്നു. ഈ കന്യകൾ കൃഷ്ണപത്നിമാരാകാൻ അഭിലഷിച്ചു. ആരിലാണ് കൂടുതൽ പവിത്രതയുണ്ടാകേണ്ടത്?

ഭാര്യയെ രക്ഷിയ്ക്കേണ്ടതു ഭർതൃകൃത്യമാണ്. അനാഥകൾക്ക്, തേടുന്നവർക്ക്, അഭയം നല്കേണ്ടതു ശരണാഗതവത്സലന്റെ കൃത്യവും. മനസ്സിന് ഉയരാനും വികസിയ്ക്കാനുമുള്ള അവസരമാണ് എന്തു സംഭവവും പരീക്ഷകളും. അഭയാർഥിയിൽ കുറ്റംചാർത്തുക അഭയദാതാവിന് അധ:കരമാണ്. പതിതഭാര്യയെപ്പോലും പരിരക്ഷിയ്ക്കയാണ് ഭർതൃമഹിമ. ആർ ഏതുവരെ ഉയരുന്നു, വികസിയ്ക്കുന്നു, വിശ്വാസപ്പടികൾ കയറിയെത്തുന്നുവെന്നതാണ് ചോദ്യം!

ഇക്കാര്യത്തിൽ രാമന്റെ വഴിയെ നിന്ദിയ്ക്കുന്നതുപോലെ, കൃഷ്ണമഹിമയ്ക്കു ഗ്ലാനിയേല്പിയ്ക്കുന്നവരും ഇല്ലാതില്ല. കൃഷ്ണന്റെ ബഹുവിവാഹം അധർമമെന്നു പറയുമ്പോൾ, ആ കന്യകൾ അപവിത്രകളാണെന്നു പറഞ്ഞുകേൾക്കാത്തതെങ്കിലും സമാജത്തിന് അലങ്കാരമെന്നു പറയട്ടെ.

ഒരു ഗുണമൂല്യത്തെ മുറുകെപ്പിടിയ്ക്കവേ, മറ്റു സമാനഗുണങ്ങളെ ബലികഴിയ്ക്കാൻ ഇടയാകരുതെന്നതു സമീകൃതധർമസിദ്ധാന്തത്തിന്റെ കാതലത്രെ. **അതി സർവത്ര വർജ്യതേ**, കടന്ന തോത് എവിടേയും തള്ളേണ്ടതുതന്നെ എന്നതു വലിയ മൂല്യ മാണ്. പവിത്രത ആവശ്യമാണ്, അഭികാമ്യമായ ആദർശവും; എന്നാൽ അതിന്റെ പേ രിൽ സ്നേഹം, കാരുണ്യം, ത്യാഗം എന്നീ സമാനമൂല്യങ്ങളെ കാറ്റിൽ പറത്തുന്നതു ശരിയല്ല.

സീതയെ അഗ്നിപ്രവേശം ചെയ്യിച്ചെടുത്തിട്ടും, രാമചരിതം സുരക്ഷിതമായോ, അ ങ്ങനെ നടത്തിയത് ആർ കണ്ടു? നാം ഇവിടെ, നടന്നതെങ്ങോ.

ഞാൻ അത്തരം രാമനല്ല, എന്നു സ്വഭാര്യയോടു പറയാൻ ഒരു പൗരനുണ്ടായി. അതാണ് രാമനിൽ തുളഞ്ഞുകയറിയത്. അഗ്നിപ്രവേശത്തിനു സാക്ഷ്യംവഹിച്ച കണ്ണുകൾ, ഈ വാക്കുകൾ കേട്ട കാതുകൾക്കു മുമ്പിൽ നിഷ്പ്രഭമായി! **ധർമസ്യ തത്ത്വം നിഹിതം ഗുഹായാം**, ധർമധ്വനി ഒളിഞ്ഞുമിന്നുന്നതത്രേ, എന്ന ആപ്ത വാക്യംതന്നെ എന്നും ബാക്കിവരുന്നത്.

രാമന്റെ അതിതീവ്രമായ സത്യസന്ധത, കൃഷ്ണന്റെ അതിമഹത്തായ ഭക്തവാ ത്സല്യം, ഇവ രണ്ടും എന്നും മനുഷ്യരാശിയ്ക്കുമുമ്പിൽ നിലയ്ക്കാത്ത ആഹ്വാന മാണ്. ആർ ഏതിനെ എത്രകണ്ട് കേൾക്കുന്നു, ആദരിയ്ക്കുന്നു, അനുസരിയ്ക്കുന്നു എന്നതാണ് തുടരുന്ന ചോദ്യം.

‘കൃത്യം നിർവഹിച്ച് കൃഷ്ണൻ വിശ്രമത്തിൽ’ നിന്ന്

**Narayanashrama Tapovanam**
Venginissery, P.O. Ammadam, Trichur, Kerala, India
Email: ashram1@gmail.com; Website: www.SwamiBhoomanandaTirtha.org